**പതിനാലാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1751

08.06.18 - ൽ മറുപടിക്ക്.

## കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനുള്ള നൂതന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.ടി.ബൽറാം | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) 20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയെ ശാക്തീകരിക്കുന്നതിന് എന്തൊക്കെ നൂതന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; | (എ) 20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയുടെ സംഘടനാ സംവിധാന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 2018-2019 ൽ താഴെ പറയുന്ന പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br>കുടുംബശ്രീ അയൽക്കൂട്ടതല പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി 'ഇയർ ഓഫ് എൻ.എച്ച്.ജി.' എന്ന പേരിൽ സംസ്ഥാനതല ക്യാമ്പെയിൻ 2018-19 ൽ സംഘടിപ്പിക്കുന്നതാണ്.<br>കുടുംബശ്രീ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും പരിമിതികളെയും മറികടന്ന് പ്രവർത്തനങ്ങൾ പുനർ നിർണ്ണയം നടത്തുന്നതിനായി കുടുംബശ്രീ സംഘടനാ സംവിധാനത്തെക്കുറിച്ചും വിവിധ പദ്ധതികളെക്കുറിച്ചുമുള്ള അറിവ് അയൽക്കൂട്ടങ്ങൾക്ക് നൽകുന്നതിനായി 'കുടുംബശ്രീ സ്കൂൾ' രണ്ടാം ഘട്ടം പരിശീലന പരിപാടി 2018-2019 സാമ്പത്തിക വർഷവും നടപ്പിലാക്കും.<br>കൂടാതെ, കുടുംബശ്രീ പ്രത്യേക അയൽക്കൂട്ടങ്ങളുടെ ശാക്തീകരണം, കൂടുതൽ പ്രത്യേക അയൽക്കൂട്ടങ്ങളുടെ രൂപീകരണം, തീരദേശ മേഖലയിലെ അയൽക്കൂട്ടങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1,000 തീരദേശ അയൽക്കൂട്ടങ്ങൾക്ക് 15,000/- രൂപ വീതം റിവോൾവിംഗ് ഫണ്ട് തുടങ്ങിയ നൂതന പദ്ധതികൾ 2018-2019 സാമ്പത്തിക വർഷവും നടപ്പിലാക്കുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | കുടുംബശ്രീയിൽ ഒരുവീട്ടിൽ നിന്നും പുതുതായി വിദ്യാസമ്പന്നയായ മറ്റൊരാൾക്ക് കൂടി അംഗത്വം നൽകുന്നതിന് ആലോചിക്കുന്നുണ്ടോ; | (ബി) | ഒരു വീട്ടിൽ നിന്നും പുതുതായി മറ്റൊരു അംഗത്തിന് കൂടി അംഗത്വം നൽകുന്ന വിഷയം ഗൗരവമായി പരിശോധിച്ച് വരുന്നു. |
| (സി) | പുതുതലമുറയെ കൂടി കുടുംബശ്രീയിൽ കൊണ്ടുവരുന്നതോടുകൂടി പരമ്പരാഗത സംരംഭങ്ങളിൽ നിന്ന് മാറി നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ,. വിശദീകരിക്കുമോ; | (സി) | പുതുതലമുറയെക്കൂടി കുടുംബശ്രീയിൽ കൊണ്ടുവരുന്നതോടുകൂടി പരമ്പരാഗത സംരംഭങ്ങളിൽ നിന്ന് മാറി നൂതന സംരംഭങ്ങൾ ആരംഭിക്കുവാൻ കുടുംബശ്രീക്ക് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പുത്തൻ തലമുറയെ സംരംഭ മേഖലയിൽ കൊണ്ടുവന്ന് നൂതന ആശയങ്ങൾ ഉള്ള സംരംഭങ്ങൾ ആരംഭിക്കാൻ സാധിക്കും. ട്യൂട്ടോറിയലുകൾ, കോച്ചിംഗ് സെന്ററുകൾ, ബേക്കറികൾ, കൂൾബാർ, ഹെൽത്ത് കെയർ, ഫിറ്റ്നസ്സ് സെന്റർ, ജീവിതശൈലി രോഗങ്ങൾ തടയുന്നതിനായി എയോറോബിക്സ് സെന്ററുകൾ, ഡാൻസ്, സംഗീതം തുടങ്ങിയ പരിശീലന കേന്ദ്രങ്ങൾ, അപ്പാരൽ ഡിസൈൻ കം ടെയ്‌ലറിംഗ് സെന്റേഴ്സ്, സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടിയുള്ള ബ്യൂട്ടി സലൂൺ തുടങ്ങിയ നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു. |
| (ഡി). | ഓൺലൈൻ മേഖലയിൽ കുടുംബശ്രീ ആരംഭിച്ച പോർട്ടൽ വിജയപ്രദമാണോ;ഏതൊക്കെ സാധനങ്ങളാണ് പ്രസ്തുത പോർട്ടലിൽ കൂടി വിൽക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളത്? | (ഡി) | ഓൺലൈൻ മേഖലയിൽ കുടുംബശ്രീ ആരംഭിച്ച പോർട്ടൽ വിജയപ്രദമാണ്. നിത്യോപയോഗ സാധനങ്ങളായ ടോയിലറ്ററീസ്, സോപ്പ്, അച്ചാറുകൾ, കറിപൗഡറുകൾ, അരിപ്പൊടികൾ, കുടകൾ, കരകൗശല വസ്തുക്കൾ, തുണിത്തരങ്ങൾ, ആഭരണങ്ങൾ, സ്ക്വാഷുകൾ, സൗന്ദര്യവർദ്ധന വസ്തുക്കൾ, ഇരുമ്പു സാധനങ്ങൾ, ബാഗുകൾ തുടങ്ങിയവയാണ് പ്രസ്തുത പോർട്ടലിൽ വിപണനത്തിനായി ഒരുക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ